15 -ാം കേരള നിയമസഭ

10 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3337 **15-02-2024 - ൽ മറുപടിയ്ക്ക്**

പൊതുമരാമത്ത് വകുപ്പിൽ കോൺട്രാക്ടർ ലൈസൻസ്

ചോദ്യം		ഉത്തരം	
ശ്രീ. യു. എ. ലത്തീഫ്		**ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)**	
(എ)	സംസ്ഥാനത്ത് കോൺട്രാക്ടേഴ്സ് ലൈസൻസ് ലഭിക്കുവാൻ വേണ്ടി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;	(എ)	ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം (1) ആയി ചേർക്കുന്നു.
(ബി)	സംസ്ഥാനത്ത് നിലവിൽ ഉള്ള കരാറുകരുടെ (കെട്ടിടങ്ങൾ, റോഡുകൾ) എണ്ണം ലഭ്യമാക്കാമോ;	(ബി)	പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ കീഴിൽ 5318 ഉം നിരത്ത് വിഭാഗത്തിന്റെ കീഴിൽ 8344 ഉം കോൺട്രാക്ടർ ലൈസൻസുകൾ നിലവിലുണ്ട്.
(സി)	കോൺട്രാക്ടേഴ്സ് ലൈസൻസ് ലഭിക്കുവാൻ വനിതകൾക്ക് എന്തെങ്കിലും ഇളവുകൾ ഉണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;	(സി)	ഇല്ല.
(ഡി)	സംസ്ഥാനത്ത് നിലവിൽ എത്ര വനിത കരാറുകാർ ഉണ്ട്; കണക്കുകൾ ലഭ്യമാക്കാമോ;	(ഡി)	PWD Manual clause 1908.1 ൽ പരാമർശിച്ചിട്ടുള്ള ഫോർമാറ്റിൽ അപേക്ഷ നൽകുന്നത് സ്ത്രീ ആണോ പുരുഷനാണോ എന്ന വിവരം ആവശ്യപ്പെടുന്നില്ല.
(ഇ)	എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് കരാർ ലൈസൻസ് ലഭിക്കുവാൻ വേണ്ടി പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;	(ഇ)	ഉണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം II ആയി ചേർക്കുന്നു.
(എഫ്)	നിലവിൽ സംസ്ഥാനത്ത് എത്ര എസ്.സി./ എസ്.ടി. കരാറുകാർ ഉണ്ട്; കണക്കുകൾ ലഭ്യമാക്കാമോ?	(എഫ്)	എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. CIVIL-A- 12 CIVIL-B- 7 CIVIL-C- 78 CIVIL-D- 44 ELECTRICAL-C- 1

സെക്ഷൻ ഓഫീസർ